# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 02<br>JULY 02 | 2018 |
| --- | --- |

*1193 മിഥുനം 18 തിങ്കൾ*

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ടെലിവിഷൻ ജേർണലിസം**

കെൽട്രോൺ നടത്തുന്ന ടെലിവിഷൻ ജേർണലിസം കോഴ്സിന്റെ 2018-19 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. അവസാന വർഷ ബിരുദ പരീക്ഷയുടെ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. പ്രായപരിധി മുപ്പത് വയസ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാധ്യമസ്ഥാപനങ്ങളിൽ പരിശീലനം , ഇന്റേൺഷിപ്പ്, പ്ലേസ്മെന്റ് സഹായം ഇവ നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. പ്രിന്റ് ജേർണലിസം, ഓൺലൈൻ ജേർണലിസം, മൊബൈൽ ജേർണലിസം എന്നിവയിലും പരിശീലനം ലഭിക്കും. താത്പര്യമുള്ളവർക്ക് യോഗ്യത തെളിയിക്കുന്ന രേഖകളുമായി തിരുവനന്തപുരത്തുള്ള കെൽട്രോൺ നോളജ് സെന്ററിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാം. അപേക്ഷ ഫോറം ksg.keltron.in എന്ന സൈറ്റിൽ ലഭിക്കും. വിലാസം : കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില ,ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി ജംഗ്ഷൻ, വിമൺസ് കോളേജ് റോഡ്, വഴുതക്കാട് തിരുവനന്തപുരം. ഫോൺ : 8137969292, 9746798082. (പിഎൻപി 1746/18)

**തെളിവെടുപ്പ് യോഗം**

സംസ്ഥാനത്തെ മൈനർ എൻജിനീയറിംഗ്, ഫർണിച്ചർ ഇൻഡസ്ട്രീസ് എന്നീ മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഉപസമിതിയുടെ തെളിവെടുപ്പ് യോഗം ഈ മാസം പത്തിന് രാവിലെ 10.30 നും ഉച്ചയ്ക്ക് 12 നും തിരുവനന്തപുരം തൊഴിൽ ഭവനിലെ ലേബർ കമ്മീഷണറേറ്റിലെ കോൺഫറൻസ് ഹാളിൽ നടക്കും. ജില്ലയിൽ

ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലുടമകളുടേയും തൊഴിലാളികളുടേയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.
(പിഎൻപി 1747/18)

## ഐ.എച്ച്.ആർ.ഡി കോളജുകളിൽ പി.ജി പ്രവേശനം

ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ കണ്ണൂർ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പട്ടുവം (0460 2206050), ചീമേനി (0467 2257541), കൂത്തുപറമ്പ് (0490 2362123), പയ്യന്നൂർ (0497 2877600), മഞ്ചേശ്വരം(04998 215615), മാനന്തവാടി(04935 245484) എന്നീ അപ്ലൈഡ് സയൻസ് കോളജുകളിൽ 2018-19 വർഷത്തെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷഫോറവും പ്രോസ്പക്ടസും www.ihrd.ac.in എന്ന സൈറ്റിൽ ലഭ്യമാണ്. താത്പര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷകൾ സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളജിലെ പ്രിൻസിപ്പിലിന്റെ പേരിൽ മാറാവുന്ന 400 രൂപയുടെ ഡിഡി സഹിതം അപേക്ഷിക്കണം. പട്ടികജാതി പട്ടികവിഭാഗക്കാർ 150 രൂപയുടെ ഡിഡി സമർപ്പിച്ചാൽ മതി. രജിസ്ട്രേഷൻ ഫീസ് കോളജുകളിൽ നേരിട്ടും അടയ്ക്കാം. കൂടുതൽ വിവരങ്ങൾ കോളജുകളിൽ ലഭിക്കും. (പിഎൻപി 1748/18)

## വിദേശ തൊഴിൽ വായ്പാ പദ്ധതി

പട്ടികജാതി പട്ടിക വർഗ വികസന കോർപ്പറേഷൻ പട്ടികജാതി വികസനവകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന വിദേശ തൊഴിൽ വായ്പാപദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.
പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18നും 55നും മധ്യേ പ്രായമുള്ള കുടുംബവാർഷികവരുമാനം 3.5 ലക്ഷത്തിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം. ഏതെങ്കിലും വിദേശരാജ്യത്തെ അംഗീകൃത തൊഴിൽദാതാവിൽ നിന്നും തൊഴിൽ ഓഫർ കത്ത് ലഭിച്ചവരായിരിക്കണം അപേക്ഷകർ. ഭാരതസർക്കാരിന്റെ പ്രൊട്ടക്റ്റർ ജനറൽ ഓഫ് എമിഗ്രൻസ് പെർമിറ്റ് നൽകിയിട്ടുള്ള തൊഴിൽ ദാതാക്കളോ റിക്രൂട്ടമെന്റ് ഏജന്റുമാരോ വഴി വിദേശത്ത് തൊഴിൽ ലഭിച്ച് പോകുന്നവരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കൂ. നോർക്കാറൂട്ട്സ് , ഒഡെപെക് എന്നിവർ സ്പോൺസർ ചെയ്യുന്നവർക്ക് മുൻഗണന ലഭിക്കും. പരമാവധി രണ്ട് ലക്ഷം രൂപ വരെ വായ്പ ലഭിക്കും. ഇതിൽ ഒരുലക്ഷം രൂപ സബ്സിഡിയാണ്. പലിശ നിരക്ക് ആറ് ശതമാനവും തിരിച്ചടവ് കാലാവധി മൂന്ന് വർഷവുമാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷഫോറത്തിനും കോർപ്പറേഷന്റെ പന്തളത്തുള്ള ജില്ലാ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 04734 253381. (പിഎൻപി 1749/18)

## മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ ആരംഭിച്ചു. ക്യാമ്പുകളുടെ പഞ്ചായത്ത് തല ഉദ്ഘാടനം മുട്ടത്തുകോണം ജനതാവായനശാലയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കലാ അജിത്ത് നിർവഹിച്ചു. ആരോഗ്യ സ്ഥിരംസമിതി അധ്യക്ഷ രാധാമണി സുധാകരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് ജെയിംസ് കെ.സാം , വാർഡംഗം അനു, മെഡിക്കൽ ഓഫീസർ പ്രീതി ഏലിയാമ്മ ജോൺ തുടങ്ങിയവർ സംസാരിച്ചു. നാളെ (നാലിന്) പ്രക്കാനം സന്തോഷ് ക്ലബ്ബിൽ രണ്ട്,മൂന്ന് വാർഡുകളിലുള്ളവർക്കും, അഞ്ചിന് നാലാം വാർഡിലുള്ളവർക്ക് മുട്ടുകടുക്ക സാംസ്കാരിക നിലയത്തിലും , അഞ്ച്,ആറ് വാർഡുകളിലുള്ളവർക്കായി ഈ മാസം ആറിന് കോടൻമുറി അങ്കണവാടിയിലും മെഡിക്കൽ ക്യാമ്പ് നടക്കും. ഒൻപതാം വാർഡിലെ മെഡിക്കൽ ക്യാമ്പ് പതിനൊന്നിന് മാത്തൂർ ജി.യു.പി.എസിലും , പതിനാലാം വാർഡിലേത് 13ന് നല്ലാനിക്കുന്ന് അങ്കണവാടിയിലും നടക്കും. (പിഎൻപി 1750/18)

## നെഹ്റുട്രോഫി ഭാഗ്യചിഹ്നമത്സരം

അറുപത്തിയാറാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗ്യചിഹ്നം നിശ്ചയിക്കാൻ സംസ്ഥാനതല മത്സരം നടക്കുന്നു. എ ഫോർ സൈസ് ഡ്രോയിംഗ് പേപ്പറിൽ മൾട്ടികളറിലാണ് ചിഹ്നം തയ്യാറാക്കേണ്ടത്. സൃഷ്ടികൾ മൗലികമായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 5001 രൂപ പുരസ്കാരം നൽകും. എൻട്രികൾ ജൂലൈ അഞ്ചിന് മുൻപ് കൺവീനർ നെഹ്റുട്രോഫി പബ്ലിസിറ്റി കമ്മിറ്റി, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ ആലപ്പുഴ 688001 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ : 0477 2251349. (പിഎൻപി 1751/18)

## അംഗീകാരമില്ലാത്ത ഓൺലൈൻ സേവനകേന്ദ്രങ്ങൾക്ക് നിയന്ത്രണം

വീട്ടിൽ ഇന്റർനെറ്റ് സൗകര്യമില്ലാത്തവർക്ക് ഓൺലൈൻ സേവനകേന്ദ്രങ്ങൾ മുഖേന അപേക്ഷകൾ സമർപ്പിക്കാമെന്ന സംവിധാനം ദുരുപയോഗം ചെയ്ത് വാണിജ്യാടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഓൺലൈൻ സേവന കേന്ദ്രങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി സർക്കാർ ഉത്തരവായി. അപേക്ഷകൾക്ക് ഇത്തരം കേന്ദ്രങ്ങൾ അമിതഫീസ് ഈടാക്കുന്നുവെന്ന പൊതുജനങ്ങളുടെ പരാതികളുടെ അടിസ്ഥാനത്തിലാണ് നിയന്ത്രണം. സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയിൽ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഐടി മിഷൻ ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു. നിയന്ത്രണങ്ങളുടെ ഭാഗമായി ഓപ്പൺ പോർട്ടൽ മുഖേന ഒരു വ്യക്തിക്ക് ഒരുമാസം ഇ-ഡിസ്ട്രിക്ടുമായി ബന്ധപ്പെട്ട് ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണം അഞ്ചായി നിജപ്പെടുത്തി.

പബ്ലിക് പോർട്ടലുകളിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ സർട്ടിഫിക്കറ്റും ഒടിപി മുഖേന അനുവദിക്കുന്ന രീതി ഉടൻ നടപ്പിലാക്കും. ജനസേവന കേന്ദ്രങ്ങളെന്ന പേരിലുള്ള സ്ഥാപനങ്ങൾ അക്ഷയ കേന്ദ്രങ്ങളുടെ തൊട്ടടുത്ത് ആരംഭിക്കുന്ന സാഹചര്യത്തിൽ ഇവയ്ക്ക് ലൈസൻസ് നൽകുന്നതിൽ ജാഗ്രത പാലിക്കുവാനും അനധികൃത കേന്ദ്രങ്ങൾ നിർത്തലാക്കുവാൻ നടപടികൾ സ്വീകരിക്കുവാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ആധാർ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത് വ്യക്തികൾക്ക് അപേക്ഷ ഓൺലൈനായി അയയ്ക്കുന്നതിനുള്ള സംവിധാനം ദുരുപയോഗം ചെയ്യുന്നതു ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം ഐടി മിഷൻ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തണം. സംസ്ഥാനത്തെ എല്ലാ അക്ഷയ കേന്ദ്രങ്ങളും സെപ്റ്റംബർ 20ന് അകം എഫ്ടിടിഎച്ച് കണക്ഷനിലേക്ക് മാറണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതിനായി എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും അക്ഷയ ഡയറക്ടർ സ്റ്റാറ്റിക് ഐപി അനുവദിക്കണം. സംസ്ഥാന സർവീസ് പോർട്ടലിൽ അക്ഷയയ്ക്ക് പ്രത്യേക ലോഗിൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാർ ഐടി മിഷൻ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(പിഎൻപി 1752/18)

## സൗജന്യ വൈഫൈ സേവനം: രണ്ടാം ഘട്ടത്തിന് ജില്ലയിൽ തുടക്കം

സൗജന്യമായി വൈഫൈ ഡേറ്റ നൽകുന്നതിനായി ജില്ലയിൽ കൂടുതൽ കേന്ദ്രങ്ങൾ ഒരുങ്ങുന്നു. രണ്ടാം ഘട്ടത്തിൽ 194 വൈഫൈ കേന്ദ്രങ്ങളാണ് ജില്ലയിൽ സംസ്ഥാന ഐടി മിഷന്റെ നേതൃത്വത്തിൽ തയ്യാറാകുന്നത്. ആദ്യഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസുകൾ, കളക്ടേറ്റ്, അടൂർ, പത്തനംതിട്ട,തിരുവല്ല മിനി സിവിൽ സ്റ്റേഷനുകൾ, കോഴഞ്ചേരി ജില്ലാ ആശുപത്രി, ജില്ലയിലെ വിവിധ ബസ് സ്റ്റാൻഡുകൾ എന്നിങ്ങനെ 41 ഇടങ്ങളിലായിരു

ന്നു സൗജന്യ വൈഫൈ ലഭ്യമാക്കിയത്. രണ്ടാംഘട്ടത്തിൽ കോന്നി ആനക്കൂട് ഉൾപ്പെടെയുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളും പമ്പാ മേഖലയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹോട്ട് സ്പോട്ടുകൾ വഴി ദിവസേന 300 എംബി ഡേറ്റയാണ് സൗജന്യമായി ലഭിക്കുന്നത്. 10 എംബിപിഎസാണ് വേഗത. ഒരേ സമയം 50 പേർ ഉപയോഗിച്ചാലും വേഗത്തിൽ കുറവുണ്ടാകില്ല. വൈഫൈ മോഡം സ്ഥാപിച്ചിരിക്കുന്ന സ്ഥാപനത്തിന്റെ 100 മീറ്റർ ചുറ്റളവിൽ സ്മാർട്ഫോൺ, ലാപ്ടോപ്പ് എന്നിവ വഴി വൈഫൈ ഉപയോഗിക്കാം. സൗജന്യ പരിധി കഴിഞ്ഞാൽ പണം നൽകിയും വൈഫൈ സൗകര്യം ഉപയോഗപ്പെടുത്താം. അനുവദനീയമായ ഡേറ്റ ഉപയോഗിച്ചു തീർന്നാലും സർക്കാർ വെബ്സൈറ്റുകളും മൊബൈൽ ആപ്പും ഈ വൈഫൈ വഴി പരിധിയില്ലാതെ ഉപയോഗിക്കുവാൻ കഴിയും. വിവിധ സർക്കാർ സേവനങ്ങൾ തടസമില്ലാതെ ലഭിക്കാൻ ഇതുവഴി സാധിക്കും. സംസ്ഥാന സർക്കാരിന്റെ കെ-ഫൈ പദ്ധതിയിലൂടെയാണ് സൗജന്യ വൈഫൈ ഓരോ ജില്ലകളിലും ലഭ്യമാക്കുന്നത്. വൈഫൈ ലഭിക്കുന്നതിന് ഹോട് സ്പോട്ടുകളിലെത്തിയാൽ ഉപകരണത്തിലെ വൈഫൈ ഓൺ ചെയ്ത് കെ-വൈയിലേയ്ക്ക് പ്രവേശിക്കണം. ആദ്യം ഉപയോക്താക്കളുടെ മൊബൈൽ നമ്പർ നൽകണം തുടർന്ന് മൊബൈലിൽ ലഭിക്കുന്ന പിൻനമ്പർ അടിച്ച് ലോഗിൻ ചെയ്യാം. ഹോട്സ്പോട്ടുകളുള്ള എല്ലാ കേന്ദ്രങ്ങളിലും സൗജന്യ വൈഫൈ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ പോസ്റ്ററുകൾ ഉണ്ടായിരിക്കും. അമേരിക്കൻ കമ്പനിയായ ക്വാഡ്ജെൻ വയർലെസ് സൊല്യൂഷനാണ് ഹോട് സ്പോട്ടുകൾ തയ്യാറാക്കുന്നത്. ബിഎസ്എൻഎല്ലിനാണ് പദ്ധതിയുടെ കരാർ. വൈഫൈ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ നിശ്ചയിക്കുന്നതും പ്രവൃത്തികൾ ഏകോപിക്കുന്നതും ജില്ലാ ഐടി മിഷനാണ്. (പിഎൻപി 1753/18)

## സൗജന്യ തൊഴിൽ പരിശീലനം

എസ്ബിഐയുടെ പത്തനംതിട്ടയിലെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ 10 ദിവസം ദൈർഘ്യമുള്ള വിവിധ സൗജന്യ പരിശീലനപരിപാടികൾ ആരംഭിക്കുന്നു. തുണിസഞ്ചി, ബിഗ്ഷോപ്പർ, പേഴ്സ്, വാനിറ്റി ബാഗ്, സ്കൂൾ ബാഗ് എന്നിവയുടെ നിർമാണ പരിശീലനമാണ് നൽകുന്നത്. 18നും 45നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ 0468-2270244, 2270243 എന്നീ നമ്പരുകളിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യണം.
(പിഎൻപി 1754/18)

## പട്ടികജാതി പ്രമോട്ടർ നിയമനം

ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി പ്രമോട്ടർമാരെ നിയമിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു. 18നും 40നും മധ്യേ പ്രായമുള്ള പ്രീഡിഗ്രി/പ്ലസ്ടു പാസായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരിക്കണം അപേക്ഷകർ. ഉയർന്ന യോഗ്യതയുള്ളവർക്ക് മുൻഗണന ലഭിക്കും. പട്ടികജാതി മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹിക പ്രവർത്തകർക്കും അപേക്ഷിക്കാം. ഇവരുടെ വിദ്യാഭ്യാസ യോഗ്യത എസ്എസ്എൽസിയും ഉയർന്ന പ്രായപരിധി 50 വയസുമാണ്. ഈ വിഭാഗത്തിൽ പെടുന്നവർ മൂന്നു വർഷത്തിൽ കുറയാതെ സാമൂഹിക പ്രവർത്തനം നടത്തുന്നവരാണെന്ന റവന്യു അധികാരികളുടെ സാക്ഷ്യപത്രവും അപേക്ഷയോടൊപ്പം നൽകണം. പ്രമോട്ടർമാർക്ക് പ്രതിമാസം 7000 രൂപയും പ്രീമെട്രിക് ഹോസ്റ്റലുകൾ ഉള്ള പഞ്ചായത്തുകളിലെ പ്രമോട്ടർമാർക്ക് 7500 രൂപയും ഹോണറേറിയം ലഭിക്കും. ഒരു വർഷത്തേക്ക് താത്കാലികമായാണ് നിയമനം. അപേക്ഷകർ സ്ഥിരതാമസമാക്കിയിട്ടുള്ള പഞ്ചായത്ത്/മുൻസിപ്പാലിറ്റികളിലെ ഒഴിവുകളിലേക്ക് മാത്രമേ പരിഗണിക്കു. യോഗ്യരായ അപേക്ഷകർ ഇല്ലാത്ത പക്ഷം സമീപ സ്ഥാപനത്തിലെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നവരെയും പരിഗണിക്കും. മുൻപ് പ്രമോട്ടറായി പ്രവർത്തിച്ചിരുന്ന കാലയളവിൽ വിജിലൻസ് കേസിൽ ഉൾപ്പെടുകയോ അച്ചടക്ക നടപടിയുടെ ഭാഗമായി പിരി

ച്ചുവിടുകയോ ചെയ്തവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. അപേക്ഷയുടെ മാതൃകയും വിശദ വിവരങ്ങളും ജില്ലാ പട്ടികജാതി വികസന ഓഫീസ്, ബ്ലോക്ക്/മുൻസിപ്പൽ പട്ടികജാതി വികസന ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കും.

കോയിപ്രം, തോട്ടപ്പുഴശേരി, പുറമറ്റം, ഇരവിപേരൂർ, അയിരൂർ, നാറാണംമൂഴി, ചിറ്റാർ, പെരുനാട്, സീതത്തോട്, വെച്ചൂച്ചിറ, പന്തളം തെക്കേക്കര, തുമ്പമൺ, കുളനട, തണ്ണിത്തോട്, അരുവാപ്പുലം, നാരങ്ങാനം, കല്ലൂപ്പാറ, കടപ്ര, പെരിങ്ങര, നിരണം, കുറ്റൂർ, നെടുമ്പ്രം എന്നീ പഞ്ചായത്തുകളിലും പന്തളം, തിരുവല്ല നഗരസഭകളിലുമാണ് നിലവിൽ പ്രമോട്ടർമാരുടെ ഒഴിവുള്ളത്. (പിഎൻപി 1755/18)

## ഭിന്നശേഷി കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം

സാമൂഹിക നീതി വകുപ്പ് നടപ്പിലാക്കുന്ന വിദ്യാകിരണം, വിദ്യാജ്യോതി പദ്ധതികളിലൂടെ വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതിന് ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്കും കുട്ടികൾക്കും അപേക്ഷിക്കാം. അപേക്ഷകൾ ജില്ലാ സാമൂഹിക നീതി ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ഈമാസം 15. ഫോൺ 0468-2325168.

(പിഎൻപി 1756/18)

## താലൂക്ക് വികസന സമിതി യോഗം

കോഴഞ്ചേരി താലൂക്ക് വികസന സമിതി യോഗം ഈമാസം ഏഴിന് രാവിലെ 11ന് താലൂക്ക് ഓഫീസിൽ ചേരും. (പിഎൻപി 1757/18)

## ആയുർവേദ-ഹോമിയോ മെഡിക്കൽ ക്യാമ്പ്

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നാളെ(4) മുതൽ 13 വരെ വിവിധ സ്ഥലങ്ങളിൽ ആയുർവേദ - ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ നടത്തും. ഹോമിയോ മെഡിക്കൽ ക്യാമ്പ്- നാളെ(4) ഐമാലി എൻഎസ്എസ് കരയോഗ മന്ദിരത്തിലും ആറിന് ചീക്കനാൽ ജംഗ്ഷനിലും ഏഴിന് പഞ്ചായത്ത് ഓഡിറ്റോറിയത്തിലും ഒൻപതിന് വാഴമുട്ടം എൻഎസ്എസ് കരയോഗ മന്ദിരത്തിലും 10ന് പള്ളം അംഗൻവാടിയിലും നടക്കും. ആയുർവേദ മെഡിക്കൽ ക്യാമ്പ്-നാളെ(4) പഞ്ചായത്ത് ഓഡിറ്റോറിയത്തിലും ആറിന് മുള്ളനിക്കാട് പള്ളി ഓഡിറ്റോറിയത്തിലും 10 പറയനാലി കമ്യൂണിറ്റി സെന്ററിലും 11ന് ചീക്കനാൽ ജംഗ്ഷനിലും 12ന് ഐമാലി എൻഎസ്എസ് കരയോഗ മന്ദിരത്തിലും 13ന് വാഴമുട്ടം എൻഎസ്എസ് കരയോഗ മന്ദിരത്തിലും നടക്കും.

(പിഎൻപി 1758/18)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്